**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1985** **11-10-2021 - ൽ മറുപടിയ്ക്ക്**

**പിങ്ക് പോലീസ് പ്രൊട്ടക്ഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീസുരക്ഷയ്ക്കായി ആരംഭിച്ച പിങ്ക് പോലീസ് പ്രൊട്ടക്ഷൻ പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങളുടെയും സൗകര്യങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | സ്ത്രീ സുരക്ഷയുമായി ബന്ധപെട്ട് സംസ്ഥാനമൊട്ടാകെ പോലീസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ എറണാകുളം ജില്ലയിലും നടപ്പിലാക്കി വരുന്നു. ആയവയുടെ വിശദാംശങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു: 1. പിങ്ക് പോലീസ് പട്രോൾ - പിങ്ക് കൺട്രോൾ റൂമിന്റെ കീഴിൽ 4 പിങ്ക് പോലീസ് വാഹനങ്ങൾ പട്രോളിംഗ് നടത്തി വരുന്നുണ്ട്. പിങ്ക് കൺട്രോൾ റൂമിലെ 1515 എന്ന നമ്പറിലേക്ക് ലഭിക്കുന്ന കോളുകളിലേക്ക് യഥാസമയം തന്നെ പിങ്ക് പട്രോൾ വാഹനങ്ങളിലേയ്ക്ക് കൈമാറി ആവശ്യമായ പോലീസ് സഹായം നൽകി വരുന്നതും നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ ഒറ്റപ്പെട്ട് നടക്കുന്ന സ്ത്രീകളെയും കുട്ടികളെയും പ്രായമായവരേയും പോലീസ് സുരക്ഷിത സ്ഥാനങ്ങളിൽ ഏൽപ്പിച്ചുവരുന്നതും, തൊഴിലിടങ്ങൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സഞ്ചരിച്ച് സ്ത്രീകളുടെ പ്രശ്നങ്ങൾ മനസിലാക്കി അവയ്ക്ക് പരിഹാരം കാണുകയും ചെയ്തു വരുന്നു. 2. അപരാജിത –സ്ത്രീകൾക്കെതിരെയുള്ള ശാരീരികവും മാനസികവും ഗാർഹികവുമായ പീഡനങ്ങൾ സംബന്ധിച്ച് പരാതി നൽകുന്നതിനും പരിഹാരം കാണുന്നതിനും തുടർ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ഹെൽപ്പ് ലൈനാണ് അപരാജിത. 3. നിഴൽ - ഏതെങ്കിലും സാഹചര്യത്തിൽ അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതായാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷ ഒരുക്കാനും ഏത് അടിയന്തിര സാഹചര്യത്തിലും സഹായം എത്തിക്കുന്നതിനും പോലീസ് ആസ്ഥാനത്തെ പോലീസ് കമാന്റ് സെന്റർ കേന്ദ്രീകരിച്ച് നിഴൽ എന്ന സംവിധാനം നിലവിലുണ്ട്. 4. Domestic Conflict Resolution Centre (DCRC) - സ്ത്രീകൾക്കെതിരായ ഗാർഹിക |

| | | | |
|---|---|---|---|
| | | | പീഡന പരാതികളിൽ കാര്യക്ഷമമായ രീതിയിൽ പരിഹാരം കാണുന്നതിന് വനിതാ സെൽ കേന്ദ്രീകരിച്ച് Domestic Conflict Resolution Centre (DCRC) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 5. നിർഭയ പദ്ധതി - സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൽ ചെറുക്കുന്നതിനായി അവരെ പ്രാപ്തരാക്കുന്നതിനുള്ള ഈ പദ്ധതിയിൽ കൊച്ചി വനിതാ സെല്ലിന്റെ ആഭിമുഖ്യത്തിൽ 40,534 പേർക്ക് നിർഭയാ വോളന്റിയേഴ്സ് സ്വയരക്ഷാ പരിശീലന ക്ലാസുകൾ നൽകിയിട്ടുള്ളതാണ്. 6. നിർഭയം ആപ്പ്: സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഇതുവഴി പോലീസ് കൺട്രോൾ റൂമിലേയ്ക്ക് അറിയിക്കാവുന്നതും അവിടെ നിന്നും പരാതി പരിഹാരത്തിനായി പോലീസ് സഹായം ലഭ്യമാക്കുകയും ചെയ്യുന്നു. |
| (ബി) | സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായുള്ള ഓൺലൈൻ പ്ലാറ്റ്ഫോം 'അപരാജിത' യിൽ എത്ര പരാതികൾ ലഭിച്ചുവെന്നും ആയതിന്മേൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | എറണാകുളം ജില്ലയിൽ അപരാജിത ഓൺലൈൻ പ്ലാറ്റ്ഫോമിൽ 235 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൻമേൽ, 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ